സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച 10 പ്രോജക്ടുകളുടെ കാര്യം, അതിൽ അപ്പാരൽ പാർക്ക്, കോംപ്ലക്സ് തുടങ്ങിയ കാര്യങ്ങളൊക്കെ സൂചിപ്പിച്ചിട്ടുള്ളതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നാട്ടിൻപുറങ്ങളിൽ കുടുംബശ്രീയും അയൽക്കൂട്ടങ്ങളും പ്രായോഗികമല്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേകം പരിഗണന നൽകി, ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ചെറിയ ചെറിയ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി ലോൺ കൊടുത്ത് സഹായിക്കുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഞാൻ നേരത്തെ ഇതിന്റെ സാമ്പത്തിക വശങ്ങൾ സൂചിപ്പിച്ചു. മിക്കവാറും ഇതിനുവേണ്ട സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നാണ് ലഭിക്കുന്നത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ norms അനുസരിച്ചുള്ള പദ്ധതികൾ മാത്രമേ വനിതാ വികസന കോർപ്പറേഷനു നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

- പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കാൻ നടപടി

*2 [590] *ശ്രീ. എ. കെ. ബാലൻ* :

„ *ടി. കെ. ദേവകുമാർ* :

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ* :

„ *മത്തായി ചാക്കോ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. പി. എ. സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുള്ള കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കേരളത്തിലെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനാണ് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിനായാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളുടെ നിക്ഷേപം എത്ര ശതമാനം കണ്ട് വർദ്ധിക്കുകയുണ്ടായി ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ,

(എ) യു. പി. എ. സർക്കാരിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ ലാഭമുണ്ടാക്കുന്ന കമ്പനികളെ പൊതുവിൽ സ്വകാര്യവൽക്കരിക്കുകയില്ല എന്നും രോഗബാധിതമായ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുനഃസംഘടി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തവേ, തുടർച്ചയായി നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ന്യായമായതും അർഹതപ്പെട്ടതുമായ നഷ്ടപരിഹാരം നൽകിയശേഷം വിറ്റഴിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യുമെന്നുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) വിവിധ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ One time settlement, Voluntary Retirement Scheme, Social Safety Net, Working Capital എന്നീ ഇനങ്ങളിൽ 2001 മുതൽ ഇതുവരെ 248.69 കോടി രൂപ സാമ്പത്തികസഹായമായി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി † ചേർക്കുന്നു.

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന്റെ രണ്ട് യൂണിറ്റുകളും, കേരള ഹൈടെക് ഇൻഡസ്ട്രീസും കേന്ദ്ര പ്രതിരോധവകുപ്പ് ഏറ്റെടുത്തു നടത്തണമെന്നും കെൽ, ട്രാക്കോ കേബിൾ കമ്പനി, ബാംബു കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ കേന്ദ്ര സ്ഥാപനങ്ങളിൽ നിന്ന് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി., എച്ച്.എം.ടി., ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, എച്ച്.എൻ.എൽ. എന്നിവ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര നിക്ഷേപം സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് നേരിട്ട് ലഭിച്ചിട്ടില്ല. എന്നാൽ 2005-06-ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചിൻ റിഫൈനറീസിന് 218 കോടി രൂപയും കൊച്ചിൻ പോർട്ട് ട്രസ്റ്റിന് 53.12 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. കൂടാതെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ്, എച്ച്.എം.ടി., ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്നിവയ്ക്കും കേന്ദ്ര ബഡ്ജറ്റിൽ തുകവകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ കേന്ദ്ര നിക്ഷേപം 2001-ൽ 9893 കോടി രൂപ ആയിരുന്നത് 2003-ൽ 14548 കോടിരൂപയായി വർദ്ധിച്ചു. ഇത് 2001-ൽ 2.4 ശതമാനത്തിൽ നിന്ന് 2003-ൽ 2.77 ശതമാനമായി വർദ്ധിച്ചു.

ശ്രീ. എ. കെ. ബാലൻ : സർ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കാര്യമായ സംഭാവന നൽകാൻ പറ്റുന്നതാണ് യു.പി.എ. ഗവൺമെന്റിന്റെ സി.എം.പി. നയം. അതുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്ന് ഏറ്റവും നല്ല സംഭാവനകൾ നൽകാൻ കഴിയുന്ന പദ്ധതികൾക്ക് രൂപംകൊടുക്കേണ്ടതായിരുന്നു. കാർഷിക സംസ്ക്കരണം പോലുള്ള മേഖലകളിൽ പരമാവധി നിക്ഷേപം നടത്തുമെന്നും വായ്പയ്ക്ക് സാങ്കേതിക മുൻഗണന നൽകുമെന്നും പൊതു മിനിമം പരിപാടിയിൽ പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കാർഷിക സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കാർഷിക സംസ്ക്കരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതിൽ പ്രധാനമാണ് ഫുഡ് പ്രോസസിംഗ് പാർക്കുകൾ. ഫുഡ് പ്രോസസിംഗ് പാർക്കുകൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അടൂരിൽ ഫുഡ് പ്രോസസിംഗ് പാർക്കിന് തറക്കല്ലിട്ടിട്ടുണ്ട്. അതിന് കേന്ദ്ര സഹായമുണ്ട്. എല്ലാ കാർഷികോൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനും കേന്ദ്ര സഹായമുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, കേരളാ ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കുന്നതിനുള്ള ഒരു നിർദ്ദേശമാണ് ഞാൻ പറയുന്നത്. ഒരു ദിവസം മൂന്നുകോടി ലിറ്റർ വിദേശമദ്യമാണ് കേരളീയ ജനത കുടിക്കുന്നത്. ഒരു മാസം 90 ലക്ഷം ലിറ്ററും ഒരുകൊല്ലത്തിൽ 10 കോടി ലിറ്ററുമാണ് വേണ്ടത്. വിദേശമദ്യം നമ്മൾ എടുക്കുന്നത് 90 സ്വകാര്യ ഡിസ്റ്റിലറി ഉടമകളിൽ നിന്നാണ്. ഗവൺമെന്റ് നിയന്ത്രണത്തിൽ ഇത്തരത്തിലുള്ള നാലോ, അഞ്ചോ blending unit-കൾ പൊതുമേഖലയിൽ തുടങ്ങിയാൽ കോടിക്കണക്കിനുരൂപ കേരളത്തിന്റെ പൊതുഖജനാവിലേയ്ക്ക് സ്വരൂപിക്കാൻ കഴിയും. ഉദാഹരണത്തിന്, ചിറ്റൂർ ഷുഗർ മിൽ പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ശക്തമായി ഇടപെട്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ blending unit-കൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അങ്ങനെ വരുമ്പോൾ ചിറ്റൂർ ഷുഗർ മിൽ പരിഗണിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ചിറ്റൂർ ഷുഗർ മിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിനോട് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുകയും ആ കാര്യത്തിൽ ഒരു നടപടിയുമായി മുന്നോട്ടുപോകണമെന്ന് വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പോസിറ്റീവായി അതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് technology upgradation വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് എല്ലാ എം.എൽ.എ.-മാർക്കും വി.കെ.സി. രണ്ട് ജോഡി ചെരുപ്പ് തന്നിട്ടുണ്ട്. Technology upgrade ചെയ്തതിന്റെ പ്രയോജനം നമ്മൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ technology upgradation ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഇ.ആർ.സി. നിലവിലില്ലാത്ത സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് One time settlement, Voluntary Retirement Scheme, Social Safety Net, Working Capital ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുന്ന മറുപടിയാണ് അങ്ങ് തന്നിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ.ആർ.സി. ഇല്ലാത്ത സാഹചര്യത്തിൽ സെക്ടർവൈസായി technology upgradation ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാനുള്ള സംരംഭത്തിന് മുൻകൈയെടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇ.ആർ.സി.-ക്ക് ബദലായി ഒരു കാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചോദ്യോത്തരവേള കഴിഞ്ഞതിനുശേഷം സബ്കമ്മിറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കാബിനിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ഇ.ആർ.സി.-ക്ക് ബദലായി ഉണ്ടാക്കിയതാണ്. അത് സിസ്റ്റമാറ്റിക്കായിട്ട് പോകുമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിക്കുന്നത്. അതിൽ എന്തെങ്കിലും add ചെയ്യണമെങ്കിൽ ആ നിർദ്ദേശവും പരിഗണിക്കുന്നതാണ്. Technology upgradation-നുള്ള ഒരു സ്ഥിരം സംവിധാനം ഗവൺമെന്റ് രൂപീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ച് വിശദീകരിച്ച കൂട്ടത്തിൽ എഫ്.എ.സി.റ്റി.-യുടെ പുനരുദ്ധാരണത്തെ സംബന്ധിച്ചും പറഞ്ഞു. എഫ്.എ.സി.റ്റി.-യുടെ പുനരുദ്ധാരണത്തിനായി കേന്ദ്രത്തിൽ നിന്ന് ലഭ്യമായിരിക്കുന്ന ഉറപ്പ് എന്താണ്? ഇതുസംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എവിടെ എത്തിനിൽക്കുന്നുവെന്ന് വിശദീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എഫ്.എ.സി.റ്റി.-യുടെ പുനരുദ്ധാരണത്തിനുള്ള പാക്കേജിന്റെ ഭാഗമായി കമ്പനി കേന്ദ്ര സർക്കാരിന് നൽകാനുള്ള 574.46 കോടി രൂപയുടെ പകുതിയും പലിശയിനത്തിൽ നൽകാനുള്ള 34.8 കോടി രൂപയും ആകെ 322.03 കോടിരൂപ എഴുതിതള്ളാനാണ് നിർദ്ദേശം. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. എഫ്.എ.സി.റ്റി.-യുടെ പുനരുദ്ധാരണത്തിന് നമ്മൾ ചെയ്യേണ്ട സഹായങ്ങൾ താഴെപ്പറയുന്നവയാണ്. (1) രാസവളത്തിന്റെ നികുതി കുറയ്ക്കുക. (2) ഫർനസ് ഓയിലിന്റെ എൻട്രി ടാക്സ് എടുത്തുകളയുക. 'വാറ്റ്' നടപ്പിലാക്കുന്ന സാഹചര്യത്തിൽ രാസവളത്തിന്റെ നികുതിയുടെ പ്രശ്നം ഉദിക്കുന്നില്ല. ഫർനസ് ഓയിലിന്റെ പ്രവേശന നികുതി കുറയ്ക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അനുകൂലമായ നിലപാട് എടുത്തിട്ടുണ്ട്. അതിൽ തീരുമാനമുണ്ടാകും.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, Caprolactum-ത്തിന്റേയും Titanium dioxide-ന്റേയും ഇറക്കുമതിത്തീരുവ കുറച്ചത് എഫ്.എ.സി.റ്റി.-യേയും കേരളാ മിനറൽസ് ആന്റ് മെറ്റൽസിനേയും ദോഷകരമായി ബാധിക്കുമെന്നുള്ളത് കൊണ്ടാണ്. പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തേയും സംരക്ഷണത്തേയും കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ ബഡ്ജറ്റ് അലോട്ടുമെന്റ് വളരെക്കുറവാണ്. ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ് Caprolactum-ത്തിന്റേയും Titanium dioxide-ന്റേയും ഇറക്കുമതി ചുങ്കം കൂട്ടുന്നതിന് ഗവൺമെന്റിലേയ്ക്ക് എഴുതിയിട്ടുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കോഴിക്കോട് ജില്ലയിലെ രണ്ട് പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളായ Kerala Soaps and Oils-ലിമിറ്റഡിന്റെ പ്രശ്നം പരിഹരിക്കാനും Malabar Spinning and Weaving Mills പുനരുദ്ധരിച്ച് തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ ജോലി നിലനിറുത്തുന്നതിനും വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുത്ത് ട്രേഡ് യൂണിയൻ സംഘടനകളുടെ കോൺഫറൻസ് വിളിച്ചുകൂട്ടി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിന് ഇപ്പോഴും അവസാന തീരുമാനം ആയിട്ടില്ല. ഈ കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : Kerala Soaps and Oils-ലിമിറ്റഡിന്റേയും Malabar Spinning and Weaving Mills-ന്റേയും പ്രശ്നം ഇന്നത്തെ കാബിനറ്റ് സബ്കമ്മിറ്റിയുടെ അജണ്ടയിലുണ്ട്. ആ പ്രശ്നം ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം കേരളത്തിലെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം വളരെ പരിമിതമായി തുടരുന്ന അവസ്ഥയാണുള്ളത്. ഇപ്പോഴും ജനസംഖ്യാനുപാതികമായി നമുക്ക് കിട്ടേണ്ട നാല് ശതമാനത്തോളം വരുന്ന നിക്ഷേപം വന്നിട്ടില്ല. രണ്ട് ശതമാനം മാത്രമേ വന്നിട്ടുള്ളൂ. അത് വർദ്ധിപ്പിക്കുന്നതിന് Common Minimum Programme-ന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ എന്തെങ്കിലും പദ്ധതി കേരള ഗവൺമെന്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് അനുകൂലമായ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കേന്ദ്രനിക്ഷേപം 2003 അവസാനം 2.77 ശതമാനം ആയിരുന്നു. അതിനുശേഷമാണ് 20,000 കോടി രൂപയുടെ പ്രഖ്യാപനം കേന്ദ്രത്തിൽനിന്ന് ഉണ്ടായത്. അതുകൂടി കിട്ടുമ്പോൾ വലിയ മോശമില്ലാത്ത രീതിയിൽ നമ്മുടെ അനുപാതം വർദ്ധിക്കുമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്.

ശ്രീ. മത്തായി ചാക്കോ : കേരളത്തിലെ 112 പൊതുമേഖലാസ്ഥാപനങ്ങളിൽ മിക്കവാറും വലിയ സാമ്പത്തിക തകർച്ചയിലാണ്. ആ സ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പി.യു.സി. പരിശോധന നടത്തിയ സമയത്ത് അതിൽ bureaucrat കളായിട്ടുള്ള ഉദ്യോഗസ്ഥരുടെ പിടിപ്പുകേടും അഴിമതിയും ഈ തകർച്ചയ്ക്ക് ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആ സ്ഥാപനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത എം.ഡി. യും ചെയർമാനും അതിന്റെ തലപ്പത്ത് വരുന്നു. അതുകൊണ്ട് ഓരോ വ്യവസായ സ്ഥാപനത്തിന്റെയും നടത്തിപ്പ് സംബന്ധിച്ച് സാങ്കേതിക വൈദഗ്ധ്യമുള്ള എം.ഡി. മാരേയും ചെയർമാൻമാരേയും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പ്രധാന പൊതുമേഖലാ സ്ഥാപനളുടെ ചെയർമാൻമാരായി സാധാരണഗതിയിൽ വ്യവസായ വകുപ്പ് സെക്രട്ടറിയെയോ അതുപോലുള്ള ഉന്നത ഉദ്യോഗസ്ഥരെയോ ആണ് എം.ഡി. മാരായി നിയമിക്കാറുള്ളത്. Bureaucrat-കളെ എം.ഡി. മാരായി നിയമിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : സർ, കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളാണ് TELK-ഉം Bamboo Corporation-ഉം. TELK ഇന്ന് BIFR-ന്റെ പരിഗണനയിൽ ഇരിക്കുന്ന ഒരു സ്ഥാപനമാണ്. കഴിഞ്ഞ മൂന്നു വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്നുള്ള നിലയിൽ accumulated loss 57 കോടി രൂപ നികത്താൻ കഴിഞ്ഞിട്ടില്ല. Bamboo Corporation-ന്റെ സ്ഥിതിയും അതാണ്. ഈ രണ്ടു കമ്പനികൾക്കും ഗവൺമെന്റ് പ്രഖ്യാപിച്ചതുപോലെ One time settlement-ലൂടെ അത് നിലനിറുത്തത്തക്കവിധത്തിലുള്ള സഹായം സംസ്ഥാന സർക്കാർ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : TELK-ന്റെ accumulated loss അദ്ദേഹം സൂചിപ്പിച്ചതുപോലെ 58 കോടിയോളം രൂപ വരും. കഴിഞ്ഞ രണ്ടു വർഷമായിട്ടാണ് running profit ഉണ്ടായിട്ടുള്ളത്. അത്രയും തുക ഗവൺമെന്റിന് നൽകാൻ സാധിക്കുമോ എന്നുള്ളത് സംശയമാണ്. എങ്കിലും One time settlement പരിഗണിക്കുമ്പോൾ TELK-ന്റെ കാര്യവും ബാംബുകോർപ്പറേഷന്റെ കാര്യവും പരിഗണിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)* : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് കേന്ദ്ര യു.പി.എ. ഗവൺമെന്റ് എടുത്തിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് പകുതിയോളം പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടലിനെയോ അല്ലെങ്കിൽ മറ്റുതരത്തിലുള്ള ഭീഷണിയേയോ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രഖ്യാപനം വന്നതിനുശേഷം കേന്ദ്രവുമായി ബന്ധപ്പെട്ട് ആശ്വാസകരമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി എത്ര സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന എഫ്.എ.സി.ടി. അതുപോലെ സ്വകാര്യവൽക്കരണ ഭീഷണി നേരിട്ടിരുന്ന എച്ച്.എം.ടി., Cochin Shipyard, Instrumentation Limited ഇതെല്ലാം സംരക്ഷിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ Hindustan Organic Chemicals സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരുന്നതാണ്. H.I.L.-ന്റെ സ്വകാര്യവൽക്കരണം വേണ്ടെന്നുവച്ച് അവർക്ക് ഇപ്പോൾ കൂടുതൽ allotment നൽകിയിട്ടുണ്ട്. അതുപോലെ Hindustan Newsprint Limited സ്വകാര്യവൽക്കരണം വേണ്ടെന്നുവച്ച് കൂടുതൽ ഫണ്ട് അലോട്ട് ചെയ്ത് അതിന്റെ expansion ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കാസർഗോഡ് ജില്ലയിലുള്ള Astral Watches Company ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുന്ന പട്ടികയിൽപ്പെടുത്തിയിരുന്നു. ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കാസർഗോഡ് Astral Watches Company ഏറ്റവും തീവ്രമായ നടപടി സ്വീകരിക്കാൻവേണ്ടി ERC മാറ്റി വച്ചതാണ്. അതിനുള്ള പുനരുദ്ധാരണം എത്രമാത്രം സാദ്ധ്യമാകും എന്ന കാര്യം പഠിക്കേണ്ടിയിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്ന ആളുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പല പൊതുമേഖലാ സ്ഥാപനങ്ങളിലും അതുമായി ബന്ധപ്പെട്ട ആളുകളല്ല ഇരിക്കുന്നത്. Management expert-കളുടേയും subject expert-കളുടേയും അഭാവം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് ഉണ്ട്. അത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് നൂറിപ്പത്തോളം വരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ എം.ഡി. മാരേയും ചെയർമാൻമാരേയും നിയമിക്കുന്നതിന് ഒരു പൊതു management cadre ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ വച്ചത് നല്ല ഒരു നിർദ്ദേശമാണ്. ആ കാര്യം പരിശോധിക്കുന്നതാണ്.

ഡോ. തോമസ് ഐസക് : സർ, യു.പി.എ. സർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളുടെ സമീപനത്തിൽ ചില തിരുത്തലുകൾ വരുത്താൻ തയ്യാറായതിൽ സന്തോഷമുണ്ട്. പക്ഷേ പ്രായോഗികമായി അത് നടപ്പിലാക്കിയിട്ടില്ല എന്നു പറയാൻ ആഗ്രഹിക്കുന്നു. പീഡിത പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് പരിപാടികൾ നടപ്പിലാക്കപ്പെട്ടിട്ടില്ല. Auto Cast-നുവേണ്ടി അങ്ങ് സമർപ്പിച്ച പുനരുദ്ധാരണ പരിപാടി ചില ഉദ്യോഗസ്ഥ പ്രമാണിമാർക്ക് എത്ര പറഞ്ഞിട്ടും ബോദ്ധ്യപ്പെടുന്നില്ല. അങ്ങയോട് എനിക്ക് ചോദിക്കാനുള്ളത്, സ്കീമിൽ പറഞ്ഞതുപോലെ സർക്കാരിന്റെ പത്തുപൈസ additional investment ഇല്ലാതെ 170 ടൺ പ്രതിമാസം ഉൽപ്പാദനശേഷിയുണ്ടായിരുന്നത് 400 ടൺ ആയിട്ട് ഞങ്ങൾ ഈ മാസം അച്ചീവ് ചെയ്യുകയാണ്. 1-ാം തീയതി ഈ ഫാക്ടറിയിൽ അങ്ങ് നേരിട്ട് വന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ സ്കീമിന് പണം അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈയെടുത്ത് Auto Cast-ന്റെ പുനരുദ്ധാരണ പരിപാടി ഒരു സ്കീം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ സാമ്പത്തികസഹായം ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഗവൺമെന്റ് പരിഗണിച്ചു വരുകയാണ്. ഈ സ്ഥാപനം അടച്ചുപൂട്ടാൻ ഗവൺമെന്റിന് യാതൊരു ഉദ്ദേശവും ഇല്ല. അത് ഗവൺമെന്റ് ഉടമസ്ഥതയിൽതന്നെ നിലനിർത്തിക്കൊണ്ട് പോകും.

ശ്രീ. ജോണി നെല്ലൂർ : സർ, പൊതുമേഖലാസ്ഥാപനങ്ങൾ പലതും വലിയ നഷ്ടത്തിൽ പോകുന്നത് ആവശ്യത്തിലേറെ ജീവനക്കാരേയും തൊഴിലാളികളേയും നിയമിക്കുന്നതിന്റെയും അവിടത്തെ എക്സിക്യൂട്ടീവ് ഡയറക്ടർമാരും മാനേജിംഗ് ഡയറക്ടർമാരും ഉൾപ്പെടെയുള്ളവരുടെ ദുർവ്യയമാണെന്നും PUC കണ്ടെത്തിയിട്ടുണ്ട്. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവിടെ അനാവശ്യമായി തൊഴിലാളികളേയും ജീവനക്കാരേയും നിയമിക്കുന്ന നടപടികൾ ഇനി ഉണ്ടാകാതിരിക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പി.യു.സി. യുടെ നിർദ്ദേശവും അഭിപ്രായവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ കാര്യം പ്രത്യേകമായി ആലോചിക്കാവുന്നതാണ്.

ശ്രീ. എ. എ. അസീസ് : സർ, ലാഭകരമായി പ്രവർത്തിച്ചിരുന്ന United Electrical Industries. mechanical meter ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഗവൺമെന്റിന്റെ നയംമൂലം ഇപ്പോൾ electronic meter ആണ് ഉൽപ്പാദിപ്പിക്കുന്നത്. ആ വ്യതിയാനംമൂലം സ്ഥാപനം ഇപ്പോൾ പ്രതിസന്ധിയിലാണ്. അതിനു പരിഹാരം കാണാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നേരത്തേ സൂചിപ്പിച്ചതുപോലെ technology upgradation-ന്റെ പ്രശ്നമാണ് അവിടെ ഉണ്ടായത്. അത് ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിന് അർഹതപ്പെട്ട പൊതുമേഖലാനിക്ഷേപം കേന്ദ്രത്തിൽനിന്ന് ഇതുവരെയും ലഭിച്ചിട്ടില്ല. രാജ്യത്തിന്റെ അഭിമാനകരമായ Instrumentation Limited-ന് ഈ വർഷം ബഡ്ജറ്റിൽ തുക വകയിരുത്തി എന്ന് പറഞ്ഞു. എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഇൻഡ്യയിൽ കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ നിർമ്മിക്കുന്ന Indian Railway-യുടെ ഒരു ചെറിയ വ്യവസായസ്ഥാപനം പോലും ഇതുവരെ കേരളത്തിൽ ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാർ റെയിൽവേ ലൈനും വലിയ വണ്ടികളും വേണമെന്ന് ആവശ്യപ്പെടുമ്പോൾ ആ നിവേദനത്തിൽ ഈ കാര്യം ഉണ്ടായിരുന്നില്ല. ഗവൺമെന്റ് അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ കേന്ദ്ര നിക്ഷേപം 2.77% ആണ്. ഇത് 2003-ലെ കണക്കാണ്. അതിനുശേഷമാണ് 20,000 കോടി രൂപയുടെ പ്രഖ്യാപനം ഉണ്ടായത്. റെയിൽവേയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, യു.പി.എ. ഗവൺമെന്റിന്റെ വരവോടുകൂടി ഒരു പുതിയ കാലാവസ്ഥ ഉണ്ടായിട്ടുണ്ട്. ഈ പുതിയ കാലാവസ്ഥ തീർച്ചയായിട്ടും പ്രയോജനപ്രദമാക്കാൻ പൊതുമേഖലയ്ക്ക് പറ്റും. ആ സാദ്ധ്യത പരിഗണിച്ച് കേരളത്തിലെ ടെക്സ്റ്റൈൽ, കൈത്തറി തുടങ്ങിയ വ്യവസായങ്ങളടക്കം പലതിനേയും പുനരുദ്ധരിക്കാനുള്ള സാദ്ധ്യതകളെപ്പറ്റി പരിശോധിക്കാൻ ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇപ്പോൾതന്നെ കൈത്തറിയുടെ കാര്യത്തിൽ ഞങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്നുള്ള സഹായം മാക്സിമം വാങ്ങിച്ചെടുക്കാനുള്ള ഒരു സംവിധാനം, ഒരു മോണിറ്ററിംഗ് സെൽ കൈത്തറി ഡയറക്ടറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, തൃശൂരിലെ പ്രശസ്തമായ സീതാറാം മിൽ വീണ്ടും അപകടഭീഷണിയെ നേരിടുകയാണ്. വർഷങ്ങൾക്കുമുമ്പ് പെട്ടെന്ന് കമ്പനി അടച്ചുപോയപ്പോൾ അന്നത്തെ മന്ത്രിസഭയും, വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയും ഇപ്പോൾ സ്പീക്കറായിരിക്കുന്ന തൃശൂർ എം.എൽ.എ. അങ്ങും പ്രത്യേക താൽപ്പര്യമെടുത്താണ് ആ കമ്പനി പുനരുദ്ധാരണത്തിന് വഴിവച്ചത്. അന്നൊരു പ്രോജക്ട് നൽകുകയുണ്ടായി. ആ പ്രോജക്ടിലെ മുഴുവൻ സംഖ്യയും ലഭിച്ചില്ലെങ്കിൽ വീണ്ടും കമ്പനി അപകട സ്ഥിതിയിലേക്ക് പോകും. ആളുകളെ പിരിച്ചുവിടേണ്ടിവരും. അവിടത്തെ യൂണിയൻ നേതാക്കളും ഞാനും ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ. യും ഉൾപ്പെടെ നൽകിയ നിവേദനം അങ്ങ് വേണ്ട രീതിയിൽ പരിഗണിച്ചിട്ടില്ല. സാമ്പത്തിക പ്രയാസങ്ങൾ ഗവൺമെന്റിനുണ്ടെന്ന് നമുക്കറിയാം. എങ്കിലും ആ പണം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയില്ലെങ്കിൽ വി.ആർ.എസ്. കൊടുക്കാൻ സാധിക്കാതെയും യാഥാർത്ഥ്യം മനസ്സിലാക്കി പിരിഞ്ഞുപോകാൻ തയ്യാറായ തൊഴിലാളികളെ സഹായിക്കാൻ കഴിയാതെയുംവരും. അതുകൊണ്ട് അന്ന് പ്രോജക്ടിന് അനുവദിച്ച ബാക്കി തുക ഉടനെ നൽകി സീതാറാം മിൽ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ അവിടെ സ്പിന്നിംഗ് ഡിപ്പാർട്ടുമെന്റ് മാത്രമേ വർക്ക് ചെയ്യുന്നുള്ളൂ. ബാക്കി ഒരു ഡിപ്പാർട്ടുമെന്റും വർക്ക് ചെയ്യുന്നില്ല. വി.ആർ.എസ്. വാങ്ങാൻ തയ്യാറായ തൊഴിലാളികളെ മാറ്റിനിർത്തിക്കൊണ്ട് ബാക്കിയുള്ളവർക്കെങ്കിലും ജോലി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : അത് എന്റെ നിയോജകമണ്ഡലത്തിലാണ്, നമുക്ക് അതിനെപ്പറ്റിയൊന്ന് ഗൗരവമായി ആലോചിക്കാൻ ഉടനെ ഒരു യോഗം വിളിച്ചുകൂട്ടി വേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഉടനെതന്നെ ഒരു യോഗം വിളിച്ചു കൂട്ടാം. ഈ സെഷൻ കഴിഞ്ഞാൽ അവിടെ സന്ദർശനം നടത്താം.

ശ്രീ. പി. എസ്. സുപാൽ : സർ, പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ഉം, ഐ.ആർ.ഇ.-യും കരിമണൽ ഖനന സംസ്കരണ രംഗത്ത് ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഇപ്പോഴത്തെ പ്രശ്നം, ആ മേഖലയിൽ സ്വകാര്യ സംരംഭകരെ അനുവദിക്കുവാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിൽ വലിയ വിവാദം സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ പരിഗണിച്ച് കരിമണൽ ഖനനത്തിന്റെ സംസ്കരണം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാൻ കഴിയില്ല എന്നുള്ള നിലപാട് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇക്കാര്യത്തിൽ യു.പി.എ. ഗവൺമെന്റിന്റെ നയം അനുസരിച്ചുള്ള ഒരു നിലപാടേ സംസ്ഥാന ഗവൺമെന്റ് എടുക്കുകയുള്ളൂ എന്ന് ഉറപ്പ് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, ഒരു കാലത്ത് കേരളത്തിന്റെ അഭിമാന സ്തംഭമായിരുന്നു എച്ച്.എം.ടി., ഇന്നത് നാശത്തിന്റെ പാതയിലാണ്. വേണ്ടത്ര വർക്കിംഗ് ക്യാപ്പിറ്റലോ ഓർഡറോ ഇല്ലാത്തതാണ് പ്രധാന കാരണം. പ്രതിരോധ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഇവിടെ കേന്ദ്ര പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട് ഒരു കരാർ ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ? ശ്രീ. ഒ. രാജഗോപാൽ മന്ത്രിയായിരുന്നപ്പോൾ ഇതിനെക്കുറിച്ച് ഒരു നിർദ്ദേശം ഉണ്ടായിരുന്നു. അത് ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സർ, കേരളത്തിൽ വളർന്നുവരേണ്ടുന്ന ഇലക്ട്രോണിക് വ്യവസായ രംഗത്ത് കെൽട്രോൺ നൽകിയ സംഭാവന വളരെ വലുതായിരുന്നു. ഇപ്പോൾ ആ പൊതുമേഖലാ സ്ഥാപനം വേണ്ടത്ര നല്ല രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കാത്ത സ്ഥിതി വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടുള്ള കെൽട്രോൺ കൗണ്ടേഴ്സ് പുനരുദ്ധരിക്കുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തെല്ലാം നടപടികളാണ് ഇപ്പോൾ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കെൽട്രോൺ കൗണ്ടേഴ്സിന്റെ പുനരുദ്ധാരണത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടന്നിരുന്നു. ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ അതിന് നിയമിച്ചിട്ടുണ്ട്. കെൽട്രോൺ കൗണ്ടേഴ്സിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. തോമസ് ചാഴികാടൻ : സർ, കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പോകുമ്പോൾ ഈ ഗവൺമെന്റ് അവയെ ലാഭത്തിലാക്കുന്നതിനെക്കുറിച്ചുള്ള കാര്യമായ ചർച്ച നടത്തുകയും പല കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ചൗധരി കമ്മീഷനെ നിശ്ചയിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് സംബന്ധിച്ച് പഠിക്കുന്നതിനായി യു.ഡി.എഫ്. സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെ കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകുകയും അവിടെ കൂടുതൽ പോസ്റ്റുകൾ സൃഷ്ടിക്കുകയില്ല എന്ന കണ്ടീഷനിൽ അതിനുള്ള നടപടികൾ സ്വീകരിക്കാം എന്ന് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. പക്ഷെ അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കിക്കൊണ്ട് ഈ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കുകയും വോളന്ററി റിട്ടയർമെന്റ് വാങ്ങി പോകാൻ ആഗ്രഹിക്കുന്ന തൊഴിലാളികൾക്ക് അതിനുള്ള അവസരം കൊടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളാ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നടപ്പാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്. കൂടുതൽ തൊഴിലാളികളെ എടുക്കാതെ കമ്പനിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ : സർ, ഏതൊരു വ്യവസായ സ്ഥാപനത്തിന്റെയും ആയുസ്സ് 50 വർഷമാണെന്നാണ് ബിസിനസ്സ് മാനേജ്മെന്റിന്റെ തത്വം. കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയെ നേരിടുന്നു എന്നുള്ളതാണ് പ്രധാന പരാതി. അതിന്റെ പ്രധാന കാരണമായി വിദഗ്ദ്ധരെല്ലാം ചൂണ്ടിക്കാട്ടുന്നത് ആധുനികവൽക്കരണത്തിന്റെയും പ്രൊഫഷണൽ മാനേജ്മെന്റിന്റെയും പോരായ്മയെന്നാണ്. രാഷ്ട്രീയ വ്യക്തിപരിഗണനകളുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ആളുകളാണ് ഇത് മാനേജ് ചെയ്യുന്നത്. അതുകൊണ്ട് പ്രൊഫഷണലായ മിടുക്കരെ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇന്റർവ്യൂ ചെയ്ത് കണ്ടെത്തി ഈ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഉപയുക്തമാക്കാൻ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു തന്നെയാണ് ശ്രീ. വി.ഡി. സതീശനും ഉന്നയിച്ചത്. ഗവൺമെന്റ് അക്കാര്യം പരിശോധിച്ച് വേണ്ട പരിഗണന നൽകുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ : സർ, ഞങ്ങളിപ്പോൾ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കുന്ന ചർച്ചയിലാണ്. ഇ.ആർ.സി. കഴിഞ്ഞു, അത്കഴിഞ്ഞ് വി.ആർ.എസ്. ആയി. ഇപ്പോൾ ചെന്നെത്തിയിരിക്കുന്നത് കാബിനറ്റ് സബ് കമ്മിറ്റിയിലാണ്. ഞാൻ പറഞ്ഞുവരുന്നത് ആദ്യം ഇതിന് ഇത്ര കോടി രൂപ നീക്കിവച്ചതിനുശേഷം പിന്നെയും കാബിനറ്റ് സബ് കമ്മിറ്റിയിൽ പോയി ഇതിന് പണം വേണമെന്ന് ആവശ്യപ്പെടുകയും അതിന് വർഷങ്ങൾ എടുക്കുകയും ചെയ്താൽ അതിന്റെ സംരക്ഷണം ഇനിയും നീളുകയേയുള്ളൂ; അതുകൊണ്ട് ഇനിയെങ്കിലും ആദ്യം എമൗണ്ട് ഫിക്സ് ചെയ്യുകയും എന്നിട്ട് ഓരോ വ്യവസായമായി സംരക്ഷിക്കാനുള്ള ചർച്ച തുടങ്ങുകയുമായിരിക്കും നല്ലത്. അതിന് ബഹുമാനപ്പെട്ട മന്ത്രി അടുത്ത നടപടികളിലേക്ക് നീങ്ങുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ന് സീറോ അവറിനുശേഷം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ കാബിനിൽ സബ് കമ്മിറ്റി ചേരുന്നുണ്ട്. അപ്പോൾ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, എന്റെ നിയോജകമണ്ഡലമായ കണ്ണൂരിൽ വർഷങ്ങൾക്കുമുമ്പ് കെൽട്രോൺ യൂണിറ്റ് 10 കോടി രൂപ കടം എടുത്തിരുന്നു. ഞങ്ങൾ 17 കോടി രൂപ തിരിച്ചടച്ചു. ഫോറിൻ എക്സ്ചേഞ്ചിൽ വന്നിട്ടുള്ള വിനിമയ നിരക്ക് വർദ്ധിച്ചതുകൊണ്ടാണ് ഇത്രയും തുക അടയ്ക്കേണ്ടിവന്നത്. എന്നിട്ടും കടം ബാക്കിയാണ്. ഈ കടം എഴുത്തിത്തള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? ഇപ്പോൾ ആ സ്ഥാപനം ലാഭത്തിൽ നടക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ലാഭത്തിൽ ഓടുന്ന ആ സ്ഥാപനത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അത് പ്രത്യേകം പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. ഷിബു ബേബിജോൺ : സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ inherent weakness കാരണം ഇൻഡ്യയിലെമ്പാടും പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ വെസ്റ്റ് ബംഗാളിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കൈമാറിയതിനെതിരെ കോൺഗ്രസ്സും തൃണമൂൽ കോൺഗ്രസും അടക്കം വാക്ക് ഔട്ട് നടത്തി. Inherent weakness ആണ് ഇതിന് കാരണം. പൊതുമേഖലയെ ശക്തിപ്പെടുത്തുവാൻ അതിന്റെ inherent weakness കണ്ടുപിടിച്ച് പ്രൊഫഷണൽ മാനേജ്മെന്റ് അടക്കം ശക്തിപ്പെടുത്തുവാനും മാർക്കറ്റിംഗ് സംവിധാനം ഉറപ്പുവരുത്തുവാനും എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അതുകൊണ്ടുതന്നെയാണ് നമ്മൾ ഇ.ആർ.സി. wind up ചെയ്യുകയും കേരളത്തിൽ ഒരു പൊതുമേഖലാ സ്ഥാപനവും അടച്ചുപൂട്ടരുത്, അടച്ചുപൂട്ടി കിടക്കുന്നത് ഒരു വൺ ടൈം സെറ്റിൽമെന്റിലൂടെ അല്ലെങ്കിൽ holding on operation-ലൂടെ തുറന്നു പ്രവർത്തിപ്പിക്കണമെന്ന തീരുമാനം എടുത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളത്. അക്കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇന്നലെ കേന്ദ്രമന്ത്രിയും ശ്രീ. എം. വി. രാഘവൻ ഉൾപ്പെടെ ഫാക്ടിലെ ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു ചർച്ചയിൽ 100 കോടി രൂപ ഫാക്ടിന്റെ പുനരുദ്ധാരണത്തിന് അനുവദിച്ചതായി ടെലിവിഷനിലൂടെ കാണാനിടയായി. അതുപോലെ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി നാശത്തിന്റെ വക്കിലാണ്. ഈ രണ്ട് സ്ഥാപനങ്ങളും സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വെള്ളൂർ ന്യൂസ് പ്രിന്റ് 640 കോടി രൂപയുടെ ഒരു വികസന പദ്ധതിയുണ്ടാക്കി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് 640 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് അനുവദിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വെള്ളൂർ ന്യൂസ് പ്രിന്റിന് കേരള സംസ്ഥാന ഗവൺമെന്റ് ഒരുപാട് സഹായങ്ങൾ പ്രത്യേകിച്ച് റാ-മെറ്റീരിയൽസ് ലഭ്യമാക്കാനുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ഷാജു : സർ, നാടിന്റെ അഭിമാനമായിട്ടുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിൽ കലാശിച്ചതുവഴി അടച്ചുപൂട്ടിയിരിക്കുകയാണ്. ആലപ്പുഴയിലെ സ്കൂട്ടർ ഫാക്ടറി, കെ.എസ്.ഡി.പി., ഇങ്ങനെ പല സ്ഥാപനങ്ങളും അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ വ്യവസായ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ ഏതെങ്കിലും സംവിധാനങ്ങൾ ആരംഭിക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിലെ സ്കൂട്ടർ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുപോലെതന്നെ കെ.എസ്.ഡി.പി. ഹിന്ദുസ്ഥാൻ ലാറ്റക്സിന് കൈമാറുന്നതിനെപ്പറ്റിയുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. വളരെ ഫലപ്രദമായ ഒരു ചർച്ചയാണ്, അത് സാധിക്കുകയാണെങ്കിൽ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

23-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (590) കാണുക

DETAILS OF FUNDS RELEASED TO PSUs UNDER THE INDUSTRIES DEPARTMENT FROM THE LUMP SUM PROVISION FOR REVIVAL/ DIVERSIFICATION (4885-60-800-96)/SLPE REFORMS (2852-80-800-86)

No.	*Company*	*2001-02*	*2002-03*	*2003-04*	*2004-05 (till February 2005)*	*Total (Rs.in lakhs)*
(1)	(2)	(3)	(4)	(5)	(6)	(7)
	Chemical Sector					
1	Kerala State Detergents & Chemicals Ltd.		10.00	18.00	34.00	62.00
2	Kerala State Drugs & Pharmaceuticals Ltd.			100.00	688.77	788.77
3	Kerala Soaps & Oils Ltd.	372.00	10.00	567.00	7.00	956.00
4	Travancore-Cochin Chemicals Ltd.			194.00		194.00
5	Kerala State Salicylates & Chemicals Ltd.	717.65	21.90	152.00	8.88	900.43
	Electrical Sector					
6	Kerala Electrical & Allied Engineering Company Ltd.		1,971.00		779.00	2,750.00
7	The Metropolitan Engineering Company Ltd.		80.57	317.52	45.17	443.26
8	United Electrical Industries Ltd.			331.28		331.28
9	Transformers and Electricals Kerala Ltd.	24.60		900.00		924.60
	Ceramics & Refractories Sector					
10	Kerala Construction Components Ltd.		20.00	174.82	10.26	205.08

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
11	The Kerala Ceramics Ltd.	200.00		22.04		222.04
	Engineering Sector					
12	The Metal Industries			10.00		10.00
13	Steel Complex Ltd.	36.00		476.00		512.00
14	Steel Industrials Kerala Ltd.				26.20	26.20
15	Astral Watches Ltd.		10.00	83.40	1.50	94.90
16	Scooters Kerala Ltd.			101.18	10.61	111.79
17	Autokast Ltd.			302.71		302.71
18	Kerala Hi-tech Industries Ltd.	556.00				556.00
	Textiles Sector					
19	Kerala Garments Ltd.			194.96	5.00	199.96
20	Sitharam Textiles Ltd.		100.00	291.69	200.00	591.69
21	Kerala State Textile Corporation Ltd.			662.59	705.00	1,367.59
22	The Malappuram Co-operative Spinning Mills Ltd.	125.00				125.00
23	The Cannannore Co-operative Spinning Mills Ltd.	100.00		10.00		110.00
24	Texfed			475.00	1,10.00	1,575.00
25	Trivandrum Spinning Mills		224.74	272.84		497.58
	Electronics Sector					
26	Kerala State Electronic Development Corporation Ltd.	686.00	2,011.23		300.00	2,997.23
27	Keltron Counters Ltd.	25.00		686.75	594.10	1,305.85
28	Keltron Crystals Ltd.			12.00	6.00	18.00
29	Keltron Rectifiers Ltd.			408.39		408.39
30	Sidkel Televisions Ltd.	152.00				152.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
	Wood & Agro Sector					
31	The Co-operative Sugars Ltd., Chittur			115.00	19.50	134.50
32	Travancore Sugars & Chemicals Ltd.			213.00		213.00
33	Travancore Plywood Industries Ltd.		10.00	22.00	650.65	682.65
	Dev. & Infrastructure Sector					
34	Kerala Small Industries Development Corporation Ltd.			50.00		50.00
	Traditional Sector					
35	Handicrafts Development Corporation (Kerala) Ltd.			25.00		25.00
36	Kerala State Bamboo Corporation Ltd.				90.00	90.00
37	The Kerala State Cashew Development Corporation Ltd.	1,200.00		1,000.00	250.00	2,450.00
38	KELPALM			26.00	3.00	29.00
39	CAPEX	300.00			96.00	396.00
	Others					
40	Financial assistance to 20 PSUs vide G.O.(Rt.) No. 929/03/ID, dated 4-9-2003			191.00		191.00
	Total	**4,494.25**	**4,469.44**	**8,406.17**	**5640.64**	**24,869.86**

LIBRARY ARCHIVES Kerala Legislative Assembly